


# 140 മാതൃകാ ജെൻഡർ റിസോഴ്സ് സെന്ററുകൾ

കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളുമായി സംയോജിച്ച് പ്രവർത്തിപ്പിക്കുന്ന ജെൻഡർ റിസോഴ്സ് സെന്ററുകളെക്കുറിച്ച് Making an Impact 128 ൽ എഴുതിയിരുന്നുവല്ലോ. 647 ജിആർസികളാണ് ഇതുവരെ ആരംഭിച്ചിട്ടുള്ളത്. സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമാണ് ജിആർസികൾ.

തദ്ദേശ സ്വയംഭരണ പ്രദേശത്തെ വിവിധ സ്ത്രീ ശാക്തീകരണ– ലിംഗനീതി ഉറപ്പാക്കൽ പ്രവർത്തന പരിപാടികൾക്ക് പിന്തുണ നൽകുക, ഭരണ ക്രമത്തിലും തീരുമാനമെടുക്കൽ പ്രക്രിയയിലും സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും പരിപോഷിപ്പിക്കുകയും പ്രാപ്തി വർദ്ധിപ്പിക്കുകയും ചെയ്യുക, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ ചെറുക്കുക, അതിന് വിധേയരാക്കപ്പെട്ടവർക്ക് പിന്തുണ നൽകുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ ആവശ്യമായ സാഹചര്യത്തിൽ വനിതാ ഘടക പദ്ധതികളുടെ രൂപീകരണത്തിനും നടപ്പാക്കലിനും വേണ്ട നേതൃത്വം നൽകുക എന്നിങ്ങനെയുള്ള വിവിധ ലക്ഷ്യങ്ങളാണ് ജിആർസികൾക്കുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഒരു പ്രധാന സംയോജന മാതൃകയായി പ്രവർത്തിക്കുകയാണ് ജിആർസികൾ. അതാത് പ്രദേശങ്ങളിലെ വാർഡ് മെമ്പർമാർ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെയാണ് ഈ സെന്ററുകൾ പ്രവർത്തിക്കുന്നത്.

കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരുടെ സേവനം ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ നൽകുന്നു. ജനപ്രതിനിധികൾക്കടക്കം ജെൻഡർ അവബോധ പരിശീലനങ്ങളും സ്ത്രീകൾക്കായി യോഗ, നൃത്തം എന്നിവയിൽ പരിശീലന പരിപാടികളും നടത്തുന്നു. ജില്ലയിലെ സ്നേഹിത കേന്ദ്രങ്ങളിലെ ജീവനക്കാരും ഇവിടെ സേവനം നൽകുന്നു.

ഇപ്രകാരം ജിആർസികൾ പ്രവർത്തിച്ചു വരുമ്പോൾ ഇതിൽ ചില സെന്ററുകളെ ആദ്യഘട്ടത്തിൽ മാതൃകാ ജിആർസികളാക്കാൻ ഞങ്ങൾ ലക്ഷ്യമിട്ടിരുന്നു. ഇപ്രകാരം ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത പത്ത് റിസോഴ്സ് സെന്ററുകളെ മാതൃകാ ജിആർസിയാക്കാൻ ആലോചിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ (നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ- എൻആർഎൽഎം) ഒരു നൂതന പദ്ധതിയായി ഞങ്ങൾ സമർപ്പിച്ചിരുന്നു. 2020 ഫെബ്രുവരി മാസത്തിൽ 14 കോടി രൂപയുള്ള ഈ പദ്ധതിക്ക് എൻആർഎൽഎമ്മിൽ നിന്ന് അംഗീകാരം ലഭിക്കുകയും ചെയ്തു. പദ്ധതിക്ക് ലഭിച്ച അനുമതി കേരളത്തിന്റെ ഈ നൂതന ആശയത്തിനുള്ള ദേശീയ അംഗീകാരമായി ഞങ്ങൾ കണക്കാക്കുന്നു. ഈ പദ്ധതി മുഖേനയാണ് കേരളമൊട്ടാകെ മാതൃകാ ജിആർസികൾ സ്ഥാപിക്കാൻ ഞങ്ങൾ ലക്ഷ്യമിടുന്നത്.

ആദ്യഘട്ടത്തിൽ 140 ജിആർസികളെ മാതൃകാ ജിആർസികളാക്കാൻ തെരഞ്ഞെടുക്കുന്നു. ഓരോ മാതൃകാ ജിആർസിയുടെയും ചുമതല ഓരോ കമ്മ്യൂണിറ്റി കൗൺസിലർമാരെയും ഏൽപ്പിക്കുന്നു. ഓരോ ജിആർസിയിലും കുടുംബശ്രീയുടെ പത്ത് റിസോഴ്സ് പേഴ്സൺമാരടങ്ങുന്ന ടീമിനെ തദ്ദേശ സ്ഥാപനത്തിന്റെ സംയോജനത്തോടെ നിയോഗിക്കുന്നു. ഈ ടീമാകും ജിആർസിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ടീമുകൾക്ക് രൂപം നൽകി കഴിയുമ്പോൾ അതാത് തദ്ദേശ സ്ഥാപന പ്രദേശത്തെക്കുറിച്ചുള്ള വിശകലനം നടത്തുകയും അനുയോജ്യമായ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും രൂപം നൽകുകയും അവ നടപ്പാക്കുകയും ചെയ്യും. ഇത് കൂടാതെ അതാത് തദ്ദേശ സ്ഥാപനങ്ങളിലും പദ്ധതികൾ സമർപ്പിക്കും. ഇത്തരത്തിൽ വനിതാ ഘടക പദ്ധതിയിൽ അതാത് പ്രദേശത്തിന് അനുയോജ്യമായ പദ്ധതികൾക്ക് തുക വകയിരുത്താനും ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ പരമാവധി ഇല്ലാതാക്കാനുള്ള കേന്ദ്രമായി ജിആർസികൾ മാറുമെന്നും കരുതുന്നു. ഇതിന്റെ അടുത്തഘട്ടമായി ഈ പ്രവർത്തനങ്ങളുടെ ജില്ലാതലത്തിലുള്ള ഏകോപനം സ്നേഹിത കേന്ദ്രങ്ങളിലൂടെയും സംസ്ഥാനതലത്തിലുള്ള ഏകോപനം കുടുംബശ്രീ സംസ്ഥാന മിഷനിലെ ജെൻഡർ വിഭാഗത്തിലൂടെയും നടത്തും.

ജെൻഡർ റിസോഴ്സ് കേന്ദ്രങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ http://www.kudumbashree.org/pages/514 എന്ന ലിങ്കിൽ ലഭിക്കും.